"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡ്/കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായി നിലവിൽ ചെയർമാൻ/വൈസ് ചെയർമാൻ/അംഗങ്ങൾ തുടങ്ങിയ പദവികളിൽ തുടരുന്നവരെ നിയമാനുസൃതം മാറ്റി പുതിയ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്**

സ.ഉ.(കൈ) നം.12/2026/P&EA തീയതി,തിരുവനന്തപുരം, 06-06-2026

---

**ഉത്തരവ്**

വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡ്/കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായി ചെയർമാൻ/വൈസ്ചെയർമാൻ/അംഗങ്ങൾ തുടങ്ങിയ പദവികളിൽ തുടരുന്നവരെ നിയമാനുസൃതം മാറ്റി പുതിയ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

[2] സെക്രട്ടറി/സി.ഇ.ഒ. തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ബോർഡ്/കോർപ്പറേഷനുകളിൽ പ്രസ്തുത തസ്തികകളിൽ പുതിയ നിയമനം നടത്തുന്നതുവരെ സീനിയർ മോസ്റ്റ് ഓഫീസർക്ക് ചുമതല നൽകുന്നതിനുള്ള നടപടി ഭരണ വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
സംസ്ഥാനത്തെ എല്ലാ ബോർഡ്/കോർപ്പറേഷൻ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (04/06/2026-ലെ ഇനം നം.30 O.A. പ്രകാരം)
വിവര പൊതുജനസമ്പർക്ക (web & New Media) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Neelima G
Date: 06-06-2026 15:17:30
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്

അസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

പി എയ്ക്ക്

05 JUN 2026

**രഹസ്യം.**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-06-2026

ഇനം നം : 30

O.A.

വിഷയം : ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് - വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡ്/കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായി നിലവിൽ ചെയർമാൻ/വൈസ്ചെയർമാൻ/ അംഗങ്ങൾ തുടങ്ങിയ പദവികളിൽ തുടരുന്നവരെ നിയമാനുസൃതം മാറ്റി പുതിയ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു. സെക്രട്ടറി/സി.ഇ.ഒ. തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ബോർഡ്/കോർപ്പറേഷനുകളിൽ പ്രസ്തുത തസ്തികകളിൽ പുതിയ നിയമനം നടത്തുന്നതുവരെ സീനിയർ മോസ്റ്റ് ഓഫീസർക്ക് ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് - ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് - ഇക്കാര്യം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

*ഒ.എ) 01*

*03.06.2026*

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡ്/കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായി നിലവിൽ ചെയർമാൻ/വൈസ് ചെയർമാൻ/അംഗങ്ങൾ തുടങ്ങിയ പദവികളിൽ തുടർന്നുവരുന്നവരെ നിയമാനുസൃതം മാറ്റി പുതിയ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്ന കാര്യത്തിലാണ് തീരുമാനമെടുക്കേണ്ടത്.

<u>തീരുമാനിക്കേണ്ട വിഷയം</u>

1. ഒരോ വകുപ്പിനും കീഴിൽ പ്രവർത്തിക്കുന്ന വിവിധ ബോർഡ്/ കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് ചെയർമാൻ/ വൈസ് ചെയർമാൻ/അംഗങ്ങളായി നിയമിതരായി ഇപ്പോഴും തുടർന്നുവരുന്നവരെ തൽസ്ഥാനത്തുനിന്നും നിയമാനുസൃതം മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?
2. അപ്രകാരം വരുന്ന ഒഴിവുകളിൽ നിയമാനുസൃതം പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകാമോ?